ലേഖനം നമ്പർ 26

# വിശുദ്ധ കുർബ്ബാന - ലഘുവ്യാഖ്യാനം

**തിരുശരീര-രക്തങ്ങളുടെ ആഘോഷം :**

ഇനി നടക്കുവാൻ പോകുന്നത് വിശുദ്ധ കുർബ്ബാനയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കർമ്മമായ തിരുശരീരങ്ങളുടെ ആഘോഷമാണ്. വി. രഹസ്യങ്ങളുടെ ആഘോഷത്തിന് മുന്നോടിയായി ശുശ്രൂഷകൻ "ഭയത്തോടും വിറയലോടും കൂടി നാം സൂക്ഷിക്കണം" എന്ന് വിളിച്ചു പറയുന്നു. പുത്രത്വത്തിന്റെ തിരുസാന്നിധ്യത്തെ വിളിച്ചറിയിക്കലാണിത്. ഈ വിശുദ്ധ നിർമ്മല നിമിഷത്തെ നാം അനുസ്മരിക്കുകയും, തിരുശരീര-രക്തങ്ങൾ വളരെ ഒരുക്കത്തോടുകൂടി അനുഭവിപ്പാൻ തക്കവണ്ണം നമ്മെ ഒരുക്കുകയും ചെയ്യണമെന്ന ആശയവും ഇതിനുണ്ട്.

"കർത്താവെ കരുണതോന്നി ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ" എന്ന് ജനം പ്രതിവാക്യം ചൊല്ലുന്നു. തിരുശരീര-രക്തങ്ങൾ അനുഭവിപ്പാൻ യോഗ്യരാകേണ്ടതിന് നിന്റെ ആർദ്രകരുണയാൽ ഞങ്ങളെ ഒരുക്കേണമേ എന്നു പ്രാർത്ഥിക്കയാണ്. തുടർന്ന് തിരു ശരീര-രക്തങ്ങൾ ഉയർത്തി ആഘോഷിക്കുന്നു. കാസായും പീലാസായും ആഘോഷിക്കുന്നത് കർത്താവിന്റെ സ്വർഗ്ഗാരോഹണത്തെ അനുസ്മരിക്കുവാനാണ്. കത്തിച്ച മെഴുകുതിരികൾ അപ്പോൾ പ്രത്യക്ഷപ്പെട്ട മാലാഖമാരെ സൂചിപ്പിക്കുന്നു.

പട്ടക്കാരന്റെ ഇരുവശങ്ങളിലും ശുശ്രൂഷകൻ മെഴുകുതിരി പിടിക്കയും, മറുവാഹസകൾ കിലുക്കുകയും ചെയ്യുന്നു. പള്ളിമണികൾ മുഴങ്ങുന്നു. പ്രധാന ശുശ്രൂഷകൻ ധൂപക്കുറ്റി വീശി പട്ടക്കാരന്റെ പുറകിൽ നിൽക്കുന്നു. മദാബഹായിലെ ദൈവ സാന്നിധ്യം കാണിക്കുവാനാണീ ഒരുക്കം. പട്ടക്കാരൻ തബ്ലൈത്തായുടെ തെക്കെ കോണിൽ മുത്തി രണ്ടുകൈകൾ കൊണ്ടും പീലാസാ സാവധാനത്തിൽ തലയ്ക്കു മുകളിൽ ഉയർത്തി "വിശുദ്ധിയുള്ളവർക്കും, വെടിപ്പുള്ളവർക്കും ഈ വിശുദ്ധതകൾ നൽകപ്പെടുന്നു" എന്നു പ്രഖ്യാപിക്കുന്നു. ജനം പ്രതിവാക്യമായി "പരിശുദ്ധനായ ഏക പിതാവും, പരിശുദ്ധനായ ഏക പുത്രനും, പരിശുദ്ധനായ ഏക റൂഹായുമല്ലാതെ പരിശുദ്ധൻ ഇല്ല" എന്നു ചൊല്ലുന്നു. പിന്നീട് പട്ടക്കാരൻ കാസാ ഉയർത്തി ആഘോഷിക്കുന്നു. ജനം "ഒന്നായിരിക്കുന്ന പിതാവിനും, പുത്രനും, ജീവനുള്ള വിശുദ്ധ റൂഹാക്കും സ്തുതി, ആമ്മീൻ" എന്നു ചൊല്ലുന്നു.

തിരുശരീര രക്തങ്ങളുടെ ആഘോഷശേഷം പട്ടക്കാരൻ കാസായും പീലാസായും കുരിശാകൃതിയിൽ പിടിച്ചുകൊണ്ട് "തന്റെ കരുണയാൽ ലോകത്തെ സൃഷ്ടിച്ച പരിശുദ്ധനായ ഏക പിതാവു നമ്മോടുകൂടെ, തന്റെ വിലയേറിയ കഷ്ടാനുഭവങ്ങളാൽ ലോകത്തെ രക്ഷിച്ച പരിശുദ്ധനായ ഏകപുത്രൻ നമ്മോടുകൂടെ, ഉണ്ടായതും ഉണ്ടാകുവാനിരിക്കുന്നതുമായ സകലത്തെയും പൂർണ്ണമാക്കി തികയ്ക്കുന്ന ജീവനുള്ള ഏക റൂഹാ നമ്മോടു കൂടെ, കർത്താവിന്റെ തിരുനാമം ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ" എന്നു പ്രാർത്ഥിക്കുന്നു. ഇത് പെന്തികോസ്തിയുടെ സ്മരണയാണ്.

പട്ടക്കാരൻ ത്രിത്വത്തിലെ മൂന്നുപേരെയും പ്രത്യേകം എടുത്തു പറഞ്ഞ് പ്രാർത്ഥിക്കുന്നു. നമ്മോടുകൂടി എപ്പോഴും ഇരിക്കുവാൻ അയക്കപ്പെട്ട പ.റൂഹായുടെ വരവിനെ ഓർക്കുകയാണ്. പിതാവായ ദൈവം സത്യത്തിന്റെ ആത്മാവെന്ന മറ്റൊരു കാര്യസ്ഥനെ അയക്കുമെന്നും കർത്താവ് ശിഷ്യന്മാർക്ക് വാഗ്ദത്വം ചെയ്തിരുന്നല്ലോ (യോഹ. 14:16) പെന്തിക്കോസ്തി ദിനത്തിൽ ശിഷ്യന്മാർ ഒരുമിച്ചു കൂടിയിരിക്കയായിരുന്നു. പെട്ടെന്നു കൊടുങ്കാറ്റടിക്കുന്നതുപോലെ ഒരു ശബ്ദം ആകാശത്തു നിന്നുണ്ടായി. അവർ സമ്മേളിച്ചിരുന്ന വീടുമുഴുവൻ അതു നിറഞ്ഞു തീനാളങ്ങൾ പോലുള്ള നാവുകൾ അവർക്കു പ്രത്യക്ഷപ്പെട്ടു. അവ വേർപിരിഞ്ഞ് അവർ ഓരോരുത്തരുടെയും മേൽ ആവസിച്ചു. അവർ എല്ലാവരും പരിശുദ്ധാത്മാവിനാൽ പൂരിതരായി. പരിശുദ്ധാത്മാവ് ഭാഷണ വരം നൽകിയതിനാൽ അവർ അന്യഭാഷകളിൽ സംസാരിക്കുവാൻ തുടങ്ങി.

ഈ സമയത്ത് പട്ടക്കാരൻ കബിലാന എടുത്ത് കാസായും പീലാസായും മൂടി പദവിയിൽ നിന്ന് താഴെ ഇറങ്ങുന്നു. വി. ത്രിത്വത്തോടൊരുമിച്ച് വാങ്ങിപ്പോയ പിതാക്കന്മാരെല്ലാം ഇറങ്ങി വന്ന് നമ്മോടു കൂടെ ഇടകലരുന്നു എന്നു സൂചിപ്പിക്കുന്ന പ്രാർത്ഥനയാണ് തുടർന്ന് എല്ലാവരും കൂടെ ചൊല്ലുന്നത്.

"നാം ദൈവത്തിന്റെ മക്കളായിത്തീരുവാൻ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ....കർത്താവേ കൃപചെയ്തു സഹായിക്കേണമെ" അല്ലെങ്കിൽ താഴെപറയുന്ന പാട്ടുകളിൽ ഒന്നുപാടുന്നു.

1. "ദൈവസുതന്മാരായിടുവാൻ................" 2. "നാം ദൈവസുതന്മാരാവാ........." 3. "തിരുസുതരായ് വരുവാൻ നമ്മെ............" ■

*(തുടരും...)*

*അഭി. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ ഫാ. പി. ഐ. വർഗ്ഗീസ്, ഫാ. കെ. വൈ. ചാക്കോ, ഫാ. ജിജു വർഗ്ഗീസ് എന്നിവർ തയ്യാറാക്കിയത്.*

## പ്രാർത്ഥനാ യോഗങ്ങൾ

**St. George Unit (Kaloor Area)**
**05-07-2015 - 4 pm**
ശ്രീമതി **മറിയാമ്മ ബാബു**
ക്രിസ്സ്വില്ല, കൊട്ടാരത്തിൽ ലെയിൻ, എളമക്കര, പുതുക്കലവട്ടം, Ph: 2531922, Mob: 9446638922

**St. Marys Unit (Central Area)**
**12-07-2015 - 4 pm**
ശ്രീ. **ജേക്കബ് ഫിലിപ്പ്**
ബേബി കോട്ടേജ്, റോഷൻ ലെയിൻ, ബാനർജി റോഡ്, Ph: 2393376, Mob: 9495987756, 9446577865

**St. Thomas Unit (North Pachalam Area) 19-07-2015 - 4 pm**
ശ്രീ. **സക്കറിയ ടി.സി.**
തോലത്ത് വീട്, കർഷക റോഡ്, വടുതല, Ph: 2400873, Mob: 9895526114

**St. Gregorios Unit (Elamkulam-Kadavanthra Area) 26-07-2015 - 4 pm**
ശ്രീ. **പ്രിൻസ് ഇ. ചാണ്ടി**
ഇരാളിൽ ഹൗസ്, 9 C സിൽവൻ ഹൈറ്റ്സ്, ചെലവന്നൂർ റോഡ്, എളംകുളം, Ph: 2311119, Mob: 9446388119




Editorial Board : P.T. John, K.K. George (94470 40484), V.N. Philipose, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490





PARISH News
MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM
VOL : 9 ISSUE : 07 JULY 2015

### എഡിറ്റോറിയൽ

## 23-ാം സങ്കീർത്തനം

നമ്മുടെ പല പള്ളികളിലും വി. കുർബ്ബാനക്കുശേഷം 23-ാം സങ്കീർത്തനം വായിച്ച് ശുശ്രൂഷ അവസാനിപ്പിക്കാറുണ്ട്. പണ്ടു കാലങ്ങളിൽ "സ്വർഗ്ഗസ്ഥനായ പിതാവേ" ചൊല്ലി പരസ്യശുശ്രൂഷ അവസാനിപ്പിക്കയായിരുന്നല്ലൊ. 23-ാം സങ്കീർത്തനത്തിന്റെ പ്രാധാന്യം മൂലമായിരിക്കണം ഇങ്ങിനെയൊരു ക്രമം ചിലയിടങ്ങളിൽ നിലവിൽ വന്നത്.

വേദപുസ്തകത്തിൽ 1200-ൽപരം അദ്ധ്യായങ്ങളുണ്ട്. അതിൽ ക്രിസ്ത്യാനികൾക്ക് ഏറ്റവും കൂടുതൽ ആശ്വാസവും, പ്രചോദനവും, പ്രോത്സാഹനവും നൽകുന്ന അദ്ധ്യായം 23-ാം സങ്കീർത്തനമാണെന്നു നിസ്സംശയം പറയാം. നമുക്ക് പരിപൂർണ്ണസംരക്ഷണം, വിശ്വാസം, സ്നേഹം എന്നിവ പ്രദാനം ചെയ്യുന്ന ആ വാക്യങ്ങൾ എല്ലാ ദിവസവും നാം വായിക്കേണ്ടതാണ്. സൺഡേ സ്ക്കൂൾ ക്ലാസുകളിൽ വേദപുസ്തകത്തിലെ ഈ അദ്ധ്യായം ഹൃദിസ്ഥമാക്കുവാൻ കുട്ടികളെ അദ്ധ്യാപകർ നിർബന്ധിക്കാറുണ്ടല്ലോ. ദൈവസ്നേഹത്താൽ നാമെപ്പോഴും ചുറ്റപ്പെട്ടിരിക്കുന്നവരാണ് എന്ന് നമ്മെ ഓർമിപ്പിക്കുകയാണ് ഇവിടെ.

പച്ചയായ പുൽപ്പുറങ്ങളിൽ നമ്മെക്കിടത്തുകയും, സ്വസ്ഥതയുള്ള വെള്ളത്തിനരികിലേക്ക് നമ്മെ നടത്തുകയും, നമ്മുടെ കൂടെ സദാ ഉണ്ടായിരിക്കുകയും, നമുക്കു മുൻപാകെ മേശയൊരുക്കുകയും, ശത്രുക്കളിൽ നിന്ന് നമ്മെ സംരക്ഷിക്കുകയും, തന്റെ നന്മയും, കരുണയും നമ്മെ പിൻതുടരുമാറാക്കുകയും, തന്റെ ആലയത്തിൽ നമ്മെ വസിക്കുമാറാക്കുകയും ചെയ്യുന്നതിലൂടെ ദൈവത്തിന്റെ കരുതൽ നാം മനസ്സിലാക്കണം.

ഓപ്പറേഷൻ വേണ്ടിവന്ന ഒരു ചെറിയ കുട്ടിയുടെ കഥ കേട്ടിട്ടുണ്ട്. അവന് ഓപ്പറേഷനെക്കുറിച്ച് വലിയ പേടിയായിരുന്നു. ഓപ്പറേഷൻ ചെയ്യുന്ന ഡോക്ടറെ കാണുമ്പോഴേ അവൻ പേടിച്ചു വിറച്ചിരുന്നു. ഈ വസ്തുത ഡോക്ടർക്കും അറിയാമായിരുന്നു. ഇതറിഞ്ഞ ഇടവക വികാരി ഒരു ദിവസം കുട്ടിയെ സന്ദർശിച്ച് സംസാരിച്ചു. അതുകഴിഞ്ഞ് കുട്ടി ഡോക്ടറോട് അടുക്കുകയും, കുട്ടിയുടെ ഭയപ്പാടെല്ലാം മാറിയതായി ഡോക്ടർക്ക് മനസ്സിലാകയും ചെയ്തു. അതിനുശേഷം ഒരു ദിവസം വൈദികനെ കണ്ട ഡോക്ടർ അദ്ദേഹത്തോട് കുട്ടിയെ എങ്ങിനെ ധൈര്യപ്പെടുത്തി എന്നു ചോദിച്ചു. വൈദികന്റെ മറുപടി ഇങ്ങിനെയായിരുന്നു, "ആദ്യമായി ഞാൻ

*(ശേഷം 2-ാം പേജിൽ)*

### ഇടയ ലേഖനം

## മരണമെന്ന ഉറക്കം (ശൂനോയോ)

**ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പൊലീത്ത**



വി. കന്യകമാതാവിന്റെ ദേഹവിയോഗത്തെ പൗരസ്ത്യസഭകൾ "ഉറക്കം" എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ഭൗതിക ജീവിതത്തിൽനിന്നും വേർപെട്ട ലാസർ "ഉറങ്ങുകയാകുന്നു" എന്ന യേശുക്രിസ്തുവിന്റെ പരാമർശനവും ഇവിടെ കൂട്ടിവായിക്കണം. വി. കന്യകമറിയാം ദൈവപുത്രന്, ദൈവനിയോഗാനുസരണം ജന്മം നൽകി. സകല മാലാഖമാരെയും ധന്യാത്മാക്കളെയുംകാൾ ഉയർന്നിരിക്കുന്നുവെങ്കിലും, ഒരു മനുഷ്യസ്ത്രീ എന്ന നിലയിൽ, മരണം, ന്യായവിധി എന്നിവയ്ക്കെല്ലാം അധീനയാണ്. പരിശുദ്ധ കന്യക സമസ്ത മനുഷ്യരെയും പ്രതിനിധാനം ചെയ്തുകൊണ്ടാണല്ലോ, ദിവ്യദൂതും നിയോഗവും കൈയേറ്റത്. ഇവിടെ ഉറക്കത്തെ 'വിശ്രമം' എന്ന വിവക്ഷയിലാണ് പ്രയോഗിച്ചിരിക്കുന്നത്. 'പറുദീസയിലെ ഇളംമാരുതനേറ്റു ഞാൻ ഉറങ്ങി' എന്ന വാക്യം ഈ പശ്ചാത്തലത്തിലാവണം പിതാക്കന്മാർ കുറിച്ചിട്ടത്. പറുദീസ കേവലം 'വിശ്രമ'ത്തിനു മാത്രമുള്ള സ്ഥലമല്ല. ശരീരം വെടിഞ്ഞവർ, ഭൗമമായ ജോലിഭാരങ്ങളിൽ നിന്നും ക്ലേശങ്ങളിൽ നിന്നും നിവൃത്തിയായി, അവയിൽ നിന്ന് വിശ്രമിയ്ക്കുന്നു എന്ന് അർത്ഥമാക്കിയാൽ മതി. ഭൗതികത്തിൽ നിന്നുള്ള വിശ്രമം, പറുദീസയിൽ അനുഗ്രഹീതമായ ദൈവാനുഭവത്തിനും, തദനുസൃതമായ പ്രവർത്തനങ്ങൾക്കും കളമൊരുക്കുന്നുവെന്നും പറയാം. അവിടെ കരുണയും, ശരീരത്തിൽ വസിക്കുന്നവർക്കും, ശരീരം വിട്ടവർക്കുമെല്ലാംവേണ്ടി മദ്ധ്യസ്ഥത ചെയ്യാൻ കൂടുതൽ സാദ്ധ്യതയുണ്ടാകുന്നു. സ്വർഗ്ഗീയാനുഭവത്തിൽ ആരും അലസരല്ല, മറിച്ച് പ്രവർത്തന നിരതരാണ്. 'എന്റെ പിതാവ് ഇവിടെയും പ്രവർത്തിക്കുന്നുണ്ട്, ഞാനും പ്രവർത്തിക്കുന്നു' എന്ന പ്രസ്താവം ഭൗമവും അഭൗവമവുമായി അസ്ഥാനങ്ങളെ പരാമർശിച്ചുകൊണ്ടായിരിക്കണമല്ലോ.

ശരീരം വിട്ടവർ പ്രജ്ഞയറ്റ്, ഒന്നുമറിയാതെ നിഷ്ക്രിയരായിരിക്കുന്നു എന്ന വാദത്തിന് വേദപുസ്തകത്തിന്റെയോ, പിതാക്കന്മാരുടെ പഠിപ്പിക്കലുകളുടെയോ പിൻബലമില്ല.'ദേഹം വെടിയുന്ന' സ്ഥിതിയെപ്പറ്റിയുള്ള നമ്മുടെ അടിസ്ഥാന ചിന്തകൾക്ക് നിറവും രൂപവും ഉള്ളടക്കവും നൽകുന്നതാണ് ഈ ചിന്ത. മനുഷ്യനായിപ്പിറന്ന ദൈവപുത്രൻ ശരീരപ്രകാരം മരിച്ച് സംസ്ക്കരിക്കപ്പെട്ടെങ്കിലും ആത്മാവ് പ്രവർത്തന നിരതമായിരുന്നു. അവിടുന്ന് മൃതരുടെ സ്ഥലത്തും അവസ്ഥയിലും എത്തി, അവരോട്,

*(ശേഷം 2-ാം പേജിൽ)*

## വികാരിയുടെ കത്ത്

# മാതാപിതാക്കൾ അധികപ്പറ്റോ?

Prof. Fr. O.J. Jacob



കുടുംബത്തെപ്പറ്റി ചിന്തിക്കുമ്പോൾ വളരെ അവഗണിക്കപ്പെടുന്ന വിഭാഗമാണ് പ്രായമായ മാതാപിതാക്കൾ. പലപ്പോഴും വീട്ടുകാർക്ക് അവർ അധികപ്പറ്റാണ്. ആരോഗ്യം നഷ്ടപ്പെട്ട് വീടിനുള്ളിൽ തന്നെ കഴിയുവാൻ വിധിക്കപ്പെട്ട അവരുടെ സ്ഥിതി വളരെ ശോചനീയമാണ്. പഴയകാലത്ത് പ്രായമായ മാതാപിതാക്കളെ സ്നേഹത്തോടെ പരിചരിക്കുവാൻ മക്കൾക്ക് കഴിഞ്ഞിരുന്നു. എന്നാൽ മാറിയ സാഹചര്യങ്ങളിൽ പലപ്പോഴും വൃദ്ധരായ മാതാപിതാക്കൾ മക്കൾക്ക് ഭാരമായിതീരുന്നു. മക്കളെ സ്നേഹിച്ച് വളർത്തി വലുതാക്കിയ മാതാപിതാക്കൾക്ക് അവരുടെ വാർദ്ധക്യത്തിൽ സ്നേഹം തിരിച്ചുനൽകുവാൻ പലപ്പോഴം നമ്മുക്കു സാധിക്കാറില്ല. ചിലരുടെ ജീവിതപങ്കാളികൾ രോഗികളും ദുർബലരും ആയിരിക്കും. ചിലരുടെ പങ്കാളികൾ മരിച്ചു പോയേക്കാം. അവരുടെ വേദനകൾ പങ്കുവയ്ക്കാനും, കാര്യങ്ങൾ തുറന്നു സംസാരിക്കാനും പലപ്പോഴും ആരുമില്ലാത്ത സ്ഥിതിവിശേഷമാണ്.

മാതാപിതാക്കളെ രോഗക്കിടക്കയിൽ ശുശ്രൂഷിക്കുന്നത് അനുഗ്രഹവും അവകാശവുമായി കരുതിയിരുന്ന പഴയകാലത്തിൽ നിന്ന് കാതലായ മാറ്റമുണ്ടായിരിക്കുന്നു. പഴയകാലത്ത് സാധാരണഗതിയിൽ മാതാവ് മക്കളെ വളർത്തുന്നതിലും വീട്ടുകാര്യങ്ങൾ നോക്കുന്നതിലുമായിരുന്നു ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. എന്നാൽ ഇന്നത്തെ അണുകുടുംബത്തിൽ മകനും മരുമകളും ജോലിക്കു പോകുകയാണ്. വൃദ്ധമാതാപിതാക്കളെ പരിചരിക്കുവാൻ സമയവും കിട്ടുന്നില്ല. വേലക്കാരെയും ഹോംനഴ്സുമാരെയും കിട്ടാനില്ലാത്ത കാലം എത്തിക്കഴിഞ്ഞു. നമ്മുടെ മാതാപിതാക്കൾ എത്രതന്നെ സ്വഭാവവൈകൃതങ്ങൾ കാണിച്ചാലും അവരെ അവഗണിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്തുകൂടാ. നാം നമ്മുടെ കുഞ്ഞുങ്ങളെ എത്രമാത്രം ലാളിച്ചാണ് വളർത്തുന്നത്. ഒരു കാലത്ത് നമ്മെയും അവർ ഓമനിച്ച് പോറ്റിയവരാണെന്ന സത്യം നാം വിസ്മരിച്ചുകൂടാ. മക്കളുടെ അവഗണനയിലും അശ്രദ്ധയിലും വീർപ്പുമുട്ടി കഴിയുന്ന എത്രയോ മാതാപിതാക്കൾ നമ്മുടെയിടയിലുണ്ട്. ഭക്ഷണത്തിന് ഒരു പക്ഷെ അവർക്ക് ബുദ്ധിമുട്ടില്ലായിരിക്കും, എന്നാൽ മക്കളുടെ ഒരിറ്റു സ്നേഹത്തിനും, സ്പർശനത്തിനും കൊതിക്കുന്നവരാണ് നമ്മുടെ മാതാപിതാക്കൾ. മക്കളായ നമുക്ക് നമ്മുടേതായ ന്യായീകരണങ്ങൾ ഉണ്ടായിരിക്കാം. വാർദ്ധക്യത്തിലിരിക്കുന്ന മാതാപിതാക്കളെ ബഹുമാനിച്ച് അവരുടെ അനുഗ്രഹത്തിനു പാത്രമാകുവാൻ നമുക്ക് സാധിക്കണം. മരിക്കുന്നതുവരെ അവർക്ക് ദുഃഖമുണ്ടാക്കരുത്. അവർക്ക് നമ്മെക്കാൾ അറിവു കുറവാണെങ്കിലും, അവരെ നിന്ദിക്കാതെ സഹിഷ്ണത കാണിക്കുവാൻ നമുക്കു കഴിയുമെങ്കിൽ അതു ഏറെ അനുഗ്രഹകരമാണ്. നമ്മുടെ മാതാപിതാക്കളെ നാം കരുതാതിരുന്നാൽ നമ്മുടെ മക്കൾ നമ്മെയും കരുതുകയില്ല എന്നത് ഒരു വാസ്തവമാണ് എന്നു മനസ്സിലാക്കി മാതാപിതാക്കളോടുള്ള നമ്മുടെ സമീപനം എപ്രകാരമാണ് എന്ന് ശാന്തമായി ദൈവസന്നിധിയിൽ ചിന്തിക്കുവാനും, പോരായ്മകൾ ഉണ്ട് എന്നു തോന്നുന്നുവെങ്കിൽ അതു തിരുത്തുവാനും ദൈവം നമ്മെ സഹായിക്കട്ടെ.

"'നിനക്ക് ദീർഘായുസ്സുണ്ടാകുവാൻ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കുക" (പുറ: 20:12). ദീർഘായുസ്സ് എന്നത് ആയുർദൈർഘ്യം മാത്രമല്ല അർത്ഥമാക്കുന്നത്. ധന്യവും, അനുഗ്രഹപ്രദവും, വിജയകരവുമായ ജീവിതത്തെ സൂചിപ്പിക്കുന്നു. അതു സാദ്ധ്യമാകുന്നതിന് ഒരു വ്യവസ്ഥ വച്ചിട്ടുണ്ട്. പൗലൂസ് ശ്ളീഹാ ഇതെപ്പറ്റി എഫേസ്യർ 6:2 ൽ പറയുന്നു "അപ്പനേയും അമ്മയെയും ബഹുമാനിക്കുക" ബഹുമാനിക്കുക എന്നതിന് ആദരിക്കുക എന്നു മാത്രമായി ചിന്തിച്ചു കൂടാ. ആദരിക്കുകയും സംരക്ഷിക്കുകയും അവരുടെ ക്ഷേമത്തിനും ഭദ്രതയ്ക്കും ആവശ്യമായ എല്ലാ കാര്യങ്ങളും നിറവേറ്റുക എന്നും അർത്ഥമാക്കുന്നു. അങ്ങിനെ ചെയ്യുമ്പോഴാണ് മക്കളുടെ ജീവിതം ധന്യവും അനുഗ്രഹകരവും വിജയപൂർണ്ണവുമാകുന്നത്. ■

*(എഡിറ്റോറിയൽ തുടർച്ച)*

അവനോട് യേശുവിന്റെ സ്നേഹത്തെയും, കരുതലിനെയും കുറിച്ചു പറഞ്ഞു. പിന്നീടവനോട് 23-ാം സങ്കീർത്തനം ഓർക്കുന്നുണ്ടോ എന്നു ചോദിച്ചു. ഓർക്കുന്നുണ്ടെന്നായിരുന്നു അവന്റെ മറുപടി. അങ്ങിനെയെങ്കിൽ ഇടതുകൈയ്യുടെ തള്ളവിരലിൽ തൊട്ടുകൊണ്ട് 'യഹോവ' എന്റെ ഇടയനെന്നും, മോതിരവിരലിൽ തൊട്ടുകൊണ്ട് "ആകുന്നു" എന്നും ആവർത്തിച്ചു പറയുവാൻ ഞാൻ ആവശ്യപ്പെട്ടു". ഡോക്ടർ പെട്ടെന്നിങ്ങിനെ പറഞ്ഞു; "ഇപ്പോഴാണെനിക്ക് ഒരു കാര്യം മനസ്സിലായത്. കുട്ടിയുടെ ബോധം മറഞ്ഞപ്പോഴും തന്റെ വലതുകൈകൊണ്ട് ഇടതുകൈയുടെ തള്ളവിരലും, നടുവിരലും എപ്പോഴും പിടിച്ചുകൊണ്ടിരുന്നത് എന്തിനാണെന്ന്" ഭയത്തെയും, പ്രയാസങ്ങളെയും നേരിടേണ്ടി വരുമ്പോൾ മറ്റൊന്നും ചിന്തിക്കാതെ 23-ാം സങ്കീർത്തനം വീണ്ടും വീണ്ടും ഉരുവിടുക. അതു നമുക്ക് ഭയത്തിൽ നിന്നുള്ള വിടുതലും, മനസ്സന്തോഷവും നൽകും. "യഹോവ എന്റെ ഇടയനാകുന്നു. എനിക്ക് മുട്ടുണ്ടാകയില്ല". ■

*(ഇടയലേഖനം തുടർച്ച)*

'രക്ഷയും മരണമില്ലായ്മയും' പ്രഖ്യാപിച്ചു. ഇതിൽപ്പരം ഒരു വ്യാഖ്യാനം 'ഉറക്ക'ത്തിനു കണ്ടെത്താനാവില്ല.

വി. കന്യകയും മരണത്തിലൂടെ ഉറങ്ങി. എന്നാൽ മുഴുവൻ ലോകത്തിനും സൃഷ്ടികൾക്കും വേണ്ടി, തന്റെ വാത്സല്യപുത്രനോട് അഭ്യർത്ഥിച്ചുകൊണ്ടിരിക്കുന്നു എന്നത് സഭയുടെ പുരാതന വിശ്വാസമാണ്. അങ്ങനെയാണ് 'സ്വർഗ്ഗത്തിന്റെ വാതിൽക്കൽ സ്ലീബായുമേന്തി' നിന്ന് പ. അമ്മ പുത്രനോട് അഭ്യർത്ഥിക്കുന്നതായി പിതാക്കന്മാർ എഴുതി വച്ചത്. 'മരണം' നമുക്കെല്ലാമുള്ളതാണ്. ആ ഉറക്കത്തെയും, ദൈവസ്നേഹത്തിന്റെ അധികമായ അറിവിലുള്ള വളർച്ചയും സ്വാഗതം ചെയ്യാം. ഈ ജീവിതത്തിലും തുടർന്നും പ. കന്യകമറിയവും വിശുദ്ധരും നമുക്കുവേണ്ടി ദൈവത്തോടപേക്ഷിക്കുന്നു. വലിയ ധൈര്യവും ആശ്വാസവും തരുന്ന അറിവാണിത്. ■

## വിശേഷ ദിവസങ്ങൾ

| | | |
|---|---|---|
| ജൂലൈ | 15 ബുധൻ | മാർ കുര്യാക്കോസ് സഹദായുടെയും അമ്മ യൂലീത്തിയുടെയും ഓർമ്മ |
| ഓഗസ്റ്റ് | 1 ശനി | പതിനഞ്ചു നോമ്പാരംഭം |

## വി. കുർബ്ബാന സമയം

| | |
|---|---|
| എളംകുളം ചാപ്പൽ: | July 05 - 7.00 am, July 12 - 10.00 am, July 19 - 7.00 am, July 26 - 10.00 am, August 02 - 7.00 am, |
| സെമിത്തേരിമുക്ക് ചാപ്പൽ: | July 12 - 7.30 am, July 26 - 7.30 am |

എല്ലാ ശനിയാഴ്ചയും കുർബ്ബാന 6.45 am



PARISH NEWS

## കുടുംബ വിശേഷങ്ങൾ

# ശ്രദ്ധ ക്ഷണിക്കൽ

സുഹൃത്തേ,

കത്തീഡ്രലിന്റെ പുതിയ ഭരണസമിതി ചുമതല ഏറ്റു കഴിഞ്ഞു. ഇടവകാംഗങ്ങളായ ഓരോരുത്തരേയും നേരിൽകണ്ടു സംവാദിക്കുവാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. നമ്മുടെ ഇടവകയുടെ ആത്മീകവും ഭൗതികവുമായ വളർച്ചയ്ക്ക് ഭരണസമിതിയെ സഹായിക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുവാനാണ് ഈ കുറിപ്പ്. ഏവർക്കും സഹകരിക്കാൻ പറ്റിയ പല മേഖലകളുണ്ട്. അതിലേക്കായി നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**ഇടവക പൊതുയോഗം:** പൊതുയോഗത്തിൽ സംബന്ധിക്കുക എന്നത് ഇടവകാംഗങ്ങളുടെ ഒരവകാശമാണ്. ഭരണഘടന അനുശാസിക്കുന്നവിധം കൂടുതൽപേർ പൊതുയോഗത്തിൽ സംബന്ധിച്ച് വിലയേറിയ നിർദ്ദേശങ്ങൾ നല്കുവാൻ ശ്രമിക്കണം.

**പാരിഷ് ന്യൂസ്:** ഇടവകയുടെ നാനാവിധ പ്രവർത്തനങ്ങളുടെ സംക്ഷേപിത രൂപം ഏവരേയും അറിയിക്കാനുള്ള ഒരു ഉത്തമ മാധ്യമമാകണം പാരിഷ് ന്യൂസ്. പാരീഷ് ന്യൂസിന്റെ ലക്കങ്ങൾ നമ്മുടെ വെബ്സൈറ്റായ www.stmarysorthodoxcathedralekm.org ൽ പ്രസിദ്ധീകരിക്കാറുള്ളതുകൊണ്ട് കത്തീഡ്രലിന്റെ പൂർണ്ണമായ ചരിത്രവും പ്രവർത്തനവും നമുക്ക് എന്നും ലഭ്യമാണെന്നുള്ളതും അനുഗ്രഹപ്രദമാണ്.

ജന്മദിനം, വിവാഹം, വിവാഹവാർഷികം, ചരമവാർഷികം തുടങ്ങിയ വിശേഷ അവസരങ്ങളിൽ ചുരുങ്ങിയ ചെലവിൽ വാർത്തയും ഫോട്ടോയും നല്കിയും, സ്ഥാപനങ്ങളും വ്യക്തികളും സ്പോൺസർ ചെയ്തും പാരിഷ്ന്യൂസിന്റെ പ്രവർത്തനം അഭംഗുരം മുമ്പോട്ടു കൊണ്ടുപോകുവാൻ ഇടവകാംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. പ്രസിദ്ധീകരണയോഗ്യമായ അറിവുകൾ എഴുതി നൽകാവുന്നതാണ്.

**കാപ്പിയും സ്നാക്സും:** കൂട്ടായ്മയുടെയും, പങ്കുവെയ്ക്കലിന്റെയും ഒരനുഭവമാണ് ഞായറാഴ്ച വിശുദ്ധ കുർബാനക്കു ശേഷം ലഭിക്കുന്ന കാപ്പിയും, സ്നാക്സും. നിങ്ങളുടെ കുടുംബത്തിലെ വിശേഷ അവസരങ്ങളിൽ ഒരു ദിവസത്തെ കാപ്പിയുടെ ചെലവു നിങ്ങളുടേതാകട്ടെ.

**SMS:** പ്രത്യേക അവസരങ്ങളിൽ പള്ളിയിൽ നിന്നും SMS സന്ദേശം അയക്കുന്നത് ശ്രദ്ധിച്ചിരിക്കുമല്ലോ. മൊബൈൽഫോൺ നമ്പർ നല്കിയിട്ടില്ലാത്തവർ ഓഫീസിൽ അറിയിക്കുക. അറിയിപ്പുകൾ ലഭിക്കുമ്പോൾ അനുകൂലമായി പ്രതികരിക്കുക.

**മാസവരി:** ഞായറാഴ്ച ഉൾപ്പടെ എല്ലാദിവസവും മാസവരി ഓഫീസിൽ സ്വീകരിക്കുന്നുണ്ട്. 2015 ഏപ്രിൽ മാസം മുതൽ ഏറ്റവും കുറഞ്ഞമാസവരി നൂറുരൂപയായി നിശ്ചയിച്ചിട്ടുണ്ട്. ദയവായി മാസവരി നല്കുന്നതിൽ വീഴ്ച വരുത്താതിരിക്കുക.

**സംഭാവനകൾ :** പലരും സാധനങ്ങളായും, പണമായും പള്ളിക്ക് സംഭാവനകൾ നല്കുന്നുണ്ട്. സാധനങ്ങൾ നല്കുന്നവർ പള്ളിക്ക് ആവശ്യമുള്ളത് എന്ത് എന്ന് തിരക്കിയിട്ടു നല്കുന്നത് ഉചിതമായിരിക്കും.

**പ്രാർത്ഥനായോഗം :** ഇടവകയുടെ വിവിധഭാഗങ്ങളിൽ നടക്കുന്ന പ്രാർത്ഥനായോഗങ്ങളിൽ കൂടുതൽ ഇടവകാംഗങ്ങൾ പങ്കെടുക്കണമെന്ന് താല്പര്യപ്പെടുന്നു. മൂന്നു മാസം കൂടുമ്പോൾ എല്ലാ പ്രാർത്ഥനായോഗ അംഗങ്ങളും പള്ളിയിൽ ഒത്തുചേരുന്നു. അറിയപ്പെടുന്ന ധ്യാനഗുരുക്കൾ ക്ലാസുകൾ നയിക്കുന്നു. ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

മാനേജിഗ് കമ്മറ്റിക്കുവേണ്ടി, കൈസ്ഥാനി

**ഡാനിയേൽ ഉമ്മൻ** ■

## വിവാഹം



എറണാകുളം അമൂല്യ സ്ട്രീറ്റ് അയ്യൻകുളങ്ങര പരേതനായ ശ്രീ. എ.കെ. എഡിസന്റെയും ശ്രീമതി താരാ എഡിസന്റെയും മകൻ **Yashin** – ഉം, ചെന്നിത്തല തെക്കേവീട്ടിൽ ശ്രീ. പ്രസാദ് സാമിന്റെയും ശ്രീമതി സിനി സാറാ പ്രസാദിന്റെയും മകൾ **Laveena** – യും തമ്മിലുള്ള വിവാഹം 31-5-2015 ൽ കത്തീഡ്രലിൽ നടന്നു.

എറണാകുളം കാടാപുരം അഡ്വക്കേറ്റ് ശ്രീ മാത്യൂസ് മത്തായിയുടെയും ശ്രീമതി മഞ്ജു മാത്യൂസിന്റെയും മകൻ **വർഗീസ് മാത്യുവും**, കോതമംഗലം മാലിയിൽ ശ്രീ. ജോണിന്റെയും ശ്രീമതി ലിസ്സിയുടെയും മകൾ **രേണു മറിയവും** തമ്മിലുള്ള വിവാഹം 14-6-2015 -ൽ കത്തീഡ്രലിൽ പരിശുദ്ധ കാതോലിക്കാബാവാ മോറോൻ മാർ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ ആശീർവദിച്ചു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

## തിരുത്ത്

2015 ജൂൺ ലക്കത്തിൽ വിവാഹ കോളത്തിൽ, പനമ്പിള്ളി നഗർ പുരക്കൽ ശ്രീ. അലക്സാണ്ടർ മാമന്റെയും നിത്യയുടെയും വിവാഹം 24-5-2015 ൽ കത്തീഡ്രലിൽ നടന്നു എന്ന് തിരുത്തി വായിക്കേണ്ടതാണ്. 10-5-2015 എന്ന് നേരത്തെ ചേർത്തിരുന്നതിൽ ഖേദിക്കുന്നു.

## നിര്യാതരായി



വെണ്ണല വലിയപറമ്പിൽ **ശ്രീ. ആർ.എസ്. വിക്ടർ** (94) 22-06-2015 ൽ നിര്യാതനായി. 23-6-2015 ൽ ചിറ്റൂർ റോഡ് സെമിത്തേരിയിൽ അടക്കം ചെയ്തു.



കഴിഞ്ഞ ഏതാനും വർഷമായി കത്തീഡ്രലിൽ സെക്യൂരിറ്റിയായി ജോലി ചെയ്തിരുന്ന **ശ്രീ. പി. ഡി. ക്ലീറ്റസ്,** ജൂൺ 17-ാം തീയതി ഉണ്ടായ വാഹന അപകടത്തിൽ ജൂൺ 18-ാം തീയതി നിര്യാതനായി. പരേതന്റെ ചുള്ളിക്കലിലുള്ള ഭവനത്തിൽ എത്തി അനേകം ഇടവകാംഗങ്ങൾ അനുശോചനം രേഖപ്പെടുത്തി. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന പരേതന്റെ കുടുംബത്തെ സഹായിക്കുവാൻ ഇടവക ആഗ്രഹിക്കുന്നു. സുമനസ്സുകളുടെ സഹകരണം അഭ്യർത്ഥിക്കുന്നു.

*ആദരാഞ്ജലികൾ*